## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1349</u> <u>15.6.2012-ൽ മറുപടിക്ക്</u>

### <u>കൽപ്പറ്റ നഗരസഭയിലെ യു.ഐ.ഡി.എസ്.എസ്.എം.ടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.എം.വി. ശ്രേയാംസ് കുമാർ | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) കൽപ്പറ്റ നഗരസഭയിലെ യു.ഐ.ഡി. എസ്.എസ്.എം.ടി പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | എ) **<u>പാക്കേജ് 1</u>**. ഇൻടേക്ക് വെല്ലിന്റേയും (8m dia), പമ്പ്ഹൗസിന്റേയും നിർമ്മാണവും അനുബന്ധ പ്രവൃത്തികളും.<br><br>ഈ പാക്കേജ് 12.1.2012ൽ കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെട്ടു. 16.1.2012ൽ പ്രസ്തുത വർക്ക് ആരംഭിച്ചു. കരാർ പ്രകാരം 1.1.2013ൽ പൂർത്തീകരിക്കുന്നതാണ്. വെൽസ്റ്റെയിനിങ് 4.75 മീറ്റർ പൂർത്തീകരിച്ചു. ആകെയുള്ള 12 മീറ്റർ സിങ്കിങിൽ 9 മീറ്റർ പൂർത്തിയായിട്ടുണ്ട്.<br><br>**<u>പാക്കേജ് 2</u>**. 10 mld സ്വർഗംകുന്നിലെ റാപ്പിഡ് സാന്റ് ഫിൽറ്ററിന്റെ നിർമ്മാണം.<br><br>ഈ പാക്കേജ് 12.1.2012ൽ കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെട്ടു. ഹൈഡ്രോളിക് ഡിസൈനും, ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ലേഔട്ടും കേരള വാട്ടർ |

അതോറിറ്റിക്ക് സമർപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഡിസൈൻ പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ നടപടികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

**പാക്കേജ് 3**. 250 mm DI ട്രാൻസ്മിഷൻ മെയിനും, 450 mm DI റാ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പുകളുടെ വിതരണവും സ്ഥാപിക്കലും.

ഈ പാക്കേജ് 12.1.2012ൽ കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെട്ടു. കോൺട്രാക്ടർ ആകെയുള്ള 18.15 കി.മീ.ദൂരം പൈപ്പുകളിൽ 10 കി.മീ. ദൂരം പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്നും ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ? | ബി) പ്രസ്തുത പദ്ധതിക്കായി ഈ സാമ്പത്തിക വർഷം 556 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ